**കൂടുതൽ മെച്ചപ്പെടുത്താമെന്നല്ലാതെ പൂർണ്ണതയിലെത്തി എന്ന് ജനാധിപത്യപ്രക്രിയക്ക് ഒരിക്കലും അവകാശപ്പെടാനാവില്ലെന്നും പരിണമിക്കുന്ന വ്യക്തി/സമൂഹബന്ധങ്ങളനുസരിച്ച് ജനാധിപത്യത്തെ താങ്ങി നിർത്തുന്ന മൂല്യങ്ങളും പരിണമിക്കുമെന്നും ആനന്ദ്**

# സിവിൽ സൊസൈറ്റിയുടെ ധർമ്മവും വൈരുദ്ധ്യങ്ങളും

**ഈ** ചോദ്യങ്ങൾക്കൊന്നും തീർച്ചയായി പറയാവുന്ന ഉത്തരങ്ങളില്ല. അതാണ് ജനാധിപത്യത്തിന്റെ സ്വഭാവം. തുടർന്നുകൊണ്ടേയിരിക്കുന്ന പരീക്ഷണമാണ് ജനാധിപത്യം. വിപ്ലവത്തിന്റെയോ പ്രത്യയശാസ്ത്രങ്ങളുടേയോ ചേരുവകളില്ലാത്ത ശുദ്ധമായ രാഷ്ട്രീയപ്രക്രിയ. കൂടുതൽ കൂടുതൽ മെച്ചപ്പെടുത്താമെന്നല്ലാതെ പൂർണ്ണതയിലെത്തി എന്ന് ജനാധിപത്യപ്രക്രിയക്ക് ഒരിക്കലും അവകാശപ്പെടാനാവില്ലല്ലോ. കാരണം പരിണമിക്കുന്ന വ്യക്തി/സമൂഹബന്ധങ്ങളനുസരിച്ച് അതിനെ താങ്ങി നിർത്തുന്ന മൂല്യങ്ങളും പരിണമിക്കുന്നു.


തിരഞ്ഞെടുപ്പുകളിലൂടെ സ്ഥാപിതമാകുന്ന സർക്കാരിന്റെ ഭരണം എന്നത് ജനാധിപത്യത്തിന്റെ വ്യാവഹാരികഘടന മാത്രമാണ്. സമൂഹം വളർത്തിയെടുക്കുന്ന മൂല്യങ്ങളാണ് ഈ വ്യവസ്ഥയുടെ ഉള്ളടക്കത്തെയും സ്വഭാവത്തെയും നിർണ്ണയിക്കുന്നത്. ഇത് വേണ്ട വിധത്തിൽ ഗ്രഹിക്കപ്പെടാതെ പോകുന്നു എന്നതാണ് പൊതുസമൂഹം പാർലമെന്റിന്റെ 'അധികാര' ത്തെ അട്ടിമറിക്കുന്നുവെന്നും, അതിനെ കൈയേറുന്നുവെന്നും ഒക്കെ ആളുകൾ നടത്തുന്ന ആരോപണങ്ങൾ കാണിക്കുന്നത്. മാർക്സിസ്റ്റുകൾ അങ്ങനെ പറയുന്നത് മനസ്സിലാക്കാം. അവർ പൊളിറ്റിക്കൽ സമൂഹത്തെ (എന്നുവെച്ചാൽ അവരുടെ പാർട്ടിയെയും അതിന്റെ പോഷകസംഘടനകളെയും) മാത്രമേ മാനിക്കുന്നുള്ളൂ, പൊതുസമൂഹത്തെ അംഗീകരിക്കുന്നില്ല. ജനാധിപത്യവാദികളെന്ന് പറയുന്ന കക്ഷികളും ഈയിടെയായി ഇങ്ങനെയൊക്കെ പറയുന്നതായികാണുന്നു. പാർലമെന്റ് അഥവാ നിയമനിർമ്മാണസഭ ഒരു നിശ്ചിതകാലത്തേക്ക് ചില കാര്യങ്ങൾ നിവർത്തിക്കുന്നതിനായി ജനങ്ങൾ നിർമ്മിക്കുന്ന ഒരു ഉപകരണം മാത്രമാണ്. ഒരു ഉപകരണത്തിന് അതിന്റെ 'അധികാര' ത്തിന്മേൽ അതിന്റെ ഓപ്പറേറ്റർ കൈ കടത്തുന്നുവെന്ന് പറയാനാവില്ലല്ലോ, കൈക്കോട്ട് കിളക്കുന്നയാളെപ്പറ്റി പരാതി പറയുന്നതുപോലെ. അധികാരം തുടർച്ചയായും ജനങ്ങളിൽതന്നെയാണ്. ഉപകരണങ്ങൾ തങ്ങൾ വളർത്തിയെടുത്ത മൂല്യങ്ങളെ സംരക്ഷിക്കുന്നുണ്ടോ എന്നും, അതിന്റെ പ്രവർത്തനം ഗുണപരമാണോ എന്നും ജനങ്ങൾ നോക്കിക്കൊണ്ടിരിക്കും. ഇങ്ങനെ നോക്കുന്ന ജനങ്ങളിലെ ബൗദ്ധികവിഭാഗത്തെയാണ് സിവിൽ സൊസൈറ്റി എന്ന് വിശേഷിപ്പിക്കുന്നതെന്ന് പറഞ്ഞാൽ ഒരുപക്ഷെ വലിയ തെറ്റുണ്ടാവില്ല. അതുകൊണ്ടാണ് ജനാധിപത്യത്തിന്റെ വിജയം സിവിൽ സൊസൈറ്റിയുടെ കാര്യക്ഷമമായ സാന്നിധ്യത്തിൽ ആധാരിതമാണെന്ന് പറയുന്നത്.

ഇങ്ങനെയൊക്കെയാണെങ്കിലും സിവിൽ സൊസൈറ്റിയുടെ ഇടപെടൽ പ്രശ്നവത്കൃതം തന്നെയാണ്, കുഴികളുള്ളതാണ് അതിന്റെ പാത. ബൗദ്ധികവിഭാഗം തൊട്ട് വ്യാപകമായ ജനസഞ്ചയംവരെയുള്ള ജനങ്ങൾ ജനാധിപത്യസമ്പ്രദായത്തിൽ ഗവണ്മെന്റിനെയും പാർലമെന്റിനെയും, ഗവണ്മെന്റിതര സ്ഥാപനങ്ങളെയും നിരന്തരം സമ്മുഖീകരിച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ പണിമുടക്കുമുതൽ സാമൂഹ്യമായി അവഗണന നേരിടുന്ന ജനവിഭാഗങ്ങളും, ഏതെങ്കിലും വിധത്തിലുള്ള അക്രമം നേരിടുന്നവരും, മൗലിക സ്വാതന്ത്ര്യത്തിനുവേണ്ടി വാദിക്കുന്നവരും, വിവിധ ആശയങ്ങളോട് അനുഭാവം പ്രകടിപ്പിക്കുന്നവരും ഗവണ്മെന്റ് നയങ്ങളോട് ബൗദ്ധികമായി വിയോജിപ്പുള്ളവരും നടത്തുന്ന പ്രകടനങ്ങളും സത്യഗ്രഹങ്ങളും ഉപവാസങ്ങളും വരെ എന്തുമാകാം അത്. ഒരുവശത്ത് സംഘടനകൾ തൊട്ട് മറുവശത്ത് ഉപവാസമനുഷ്ഠിക്കുന്ന വ്യക്തികൾവരെ നടത്തുന്ന ഈ സമരങ്ങളിലെല്ലാം സമ്മർദ്ദത്തിന്റെയും ബ്ലാക്ക്മെയിലിന്റെയും അംശങ്ങളുണ്ടാകാം. നിയമലംഘനമുണ്ടാകാം. ഹഡ്താലുകൾ തൊട്ട് ദില്ലിയിലെ ജന്തർ-മന്തർറോഡിലെ പ്രകടനങ്ങൾ വരെ.

ഉപവാസത്തിലാകട്ടെ ഒരാൾ തന്നത്താനാണ് ശിക്ഷിക്കുന്നത്. ഗാന്ധിജിയുടെ ഉപവാസങ്ങളേറെയും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആത്മപരിശോധനയ്ക്കും, ആത്മശുദ്ധീകരണത്തിനും വേണ്ടിയായിരുന്നു. സമൂഹത്തിന്റെ തെറ്റുകൾക്ക് സ്വയം ശിക്ഷിച്ച് പ്രായശ്ചിത്തം ചെയ്യുവാൻ. സമ്മർദ്ധത്തിനോ, ബ്ലാക്ക്മെയിലിനോ വേണ്ടിയല്ലെന്നർത്ഥം. എന്നാൽ എല്ലാം ആ വിധമാകണമെന്നില്ല. വ്യക്തിപരമായ അവകാശനിഷേധം തൊട്ട്

വ്യാപകമായ പൊതുപ്രശ്നങ്ങൾ വരെ എല്ലാത്തിലും വ്യക്തികൾ ഉപവാസമനുഷ്ഠിക്കാറുണ്ട്. ചിലപ്പോൾ പബ്ലിസിറ്റിക്കും രാഷ്ട്രീയമായ മുതലെടുപ്പിനും ഇമേജ് ബിൽഡിംഗിനുംവേണ്ടി, ഇതിൽ ഏത് അനുകൂലിക്കണം, ഏതിൽ നിന്ന് വിട്ടുനിൽക്കണം എന്നത് ഓരോരുത്തനും സ്വന്തം ബുദ്ധിയനുസരിച്ച് എടുക്കേണ്ട തീരുമാനമാണ്. വ്യക്തിയും സമൂഹവും തമ്മിലുള്ള വൈരുദ്ധ്യത്തെ പരിഹരിക്കുന്ന സമ്പ്രദായമാണ് രാഷ്ട്രീയം. സിവിൽ സൊസൈറ്റിക്കും ഇത് ബാധകമാണ്.

**വ്യക്തിയും സമൂഹവും തമ്മിലുള്ള വൈരുദ്ധ്യത്തെ പരിഹരിക്കുന്ന സമ്പ്രദായമാണ് രാഷ്ട്രീയം. സിവിൽ സൊസൈറ്റിക്കും ഇത് ബാധകമാണ്**



ഒരു ജനകീയ സമരത്തിന്റെയോ സിവിൽ സൊസൈറ്റിയുടെ ഇടപെടലിന്റെയോ ഗുണവും ദോഷവും, വിജയവും പരാജയവും നിശ്ചയിക്കുന്ന ഘടകങ്ങൾ പലതുമുണ്ട്. അവയ്ക്ക് പിന്നിലെ താൽപര്യങ്ങൾ (അവ വ്യക്തിപരമോ, സാമൂഹ്യമോ ആകാം) അവയുടെ ധാർമ്മികത, അവ നയിക്കുന്നവരുടെ സത്യസന്ധത, അവ എവിടെയാണ് നടക്കുന്നതെന്നത്, എത്രത്തോളം പൊതുശ്രദ്ധ അവയ്ക്ക് പിടിച്ചുപറ്റുവാൻ ആകുന്നു എന്നത്, ഇങ്ങനെയിങ്ങനെ.

ഈയിടെയുണ്ടായ ചില സത്യഗ്രഹങ്ങളും ഉപവാസങ്ങളും നോക്കുക. അന്നാ ഹസാരെയുടെ സമരം പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിച്ചു. ഗവണ്മെന്റിന് വഴങ്ങേണ്ടിവന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വം, വിഷയത്തിന്റെ വ്യാപകമായ പൊതുജന സ്വീകാര്യത, ദില്ലിയിലാണ് നടന്ന് എന്നതെല്ലാം പ്രയോജനകരമായി. അതേസമയം നടന്ന മേധാ പട്കറുടേത് ഒരു സ്ഥാനീയ പ്രശ്നത്തിന്മേലായിരുന്നു. എങ്കിലും സംസ്ഥാന ഗവണ്മെന്റിന്റെ തലസ്ഥാനത്താണെന്നതും അവരുടെ വ്യക്തിത്വവും സഹായകമായി. പക്ഷെ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടാതെ പോയി. രാംദേവിന്റേത് ഒരു നാടകമായാണ് പൊതുജനം കണ്ടത്; പ്രശസ്തിക്കുവേണ്ടിയുള്ളത്– വ്യക്തിയുടെ സംശുദ്ധിയില്ലായ്കയും ഡിമാന്റുകളിൽ പലതിന്റെയും വിഡ്ഢിത്തങ്ങളും അതിനെതിരായി. ദില്ലിയിൽനിന്ന് മാറ്റി സ്ഥാപിക്കപ്പെടുന്നതോടെ അവശേഷിച്ച വീര്യവും പോയി. നിഗമാനന്ദ എന്നയാൾ ഉപവാസമനുഷ്ഠിച്ചത് ആളുകൾ അറിയുന്നതുന്നെ അദ്ദേഹം മരിച്ചപ്പോഴാണ്. ഇംറോം ശർമ്മിളയുടെ കൊല്ലങ്ങളായി നടക്കുന്ന സമരത്തിന്, പൂർണ്ണമായും ന്യായികവും ധാർമ്മികവുമായിരുന്നിട്ടും തലസ്ഥാനത്തുനിന്നേറെ ദൂരെ ഒരു കൊച്ചു സംസ്ഥാനത്തായതുകൊണ്ട് ദേശീയ ഭാവനയേയോ സർക്കാരിന്റെ ശ്രദ്ധയെയോ ആകർഷിക്കുവാൻ കഴിഞ്ഞില്ല. രാംദേവിനെ കാണാൻ മന്ത്രിമാർ വരിനിന്നു, ഈ സ്ത്രീയെ കാണുവാൻ പ്രധാനമന്ത്രിതൊട്ട് ഏറെ നേതാക്കന്മാർ മണിപ്പൂർ സന്ദർശിച്ചുകൊണ്ടിരുന്നിട്ടും ആരും തയ്യാറായില്ല.

ജെസ്സിക്കാലാൻ കേസിൽ തികച്ചും വേണ്ട വിധത്തിൽ കോടതികൾ പ്രതികരിക്കുകയും കീഴ്‌വഴക്കങ്ങൾ മറികടന്ന് പുനർവിചാരണ നടത്തുകയും ചെയ്തു. പക്ഷെ അതിന് പ്രധാന കാരണം അത് ദില്ലിയിലായിരുന്നു സംഭവിച്ചതെന്നതാണ്. സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും കുടിയൊഴിപ്പിക്കുന്നതിനും എതിരായ സമരങ്ങൾ ഏറെക്കാലമായി രാജ്യവ്യാപകമായി നടക്കുന്നു. ഒഡീസയിലും ചത്തീസ്ഗഢിലും ജാർഖണ്ഢിലും അതിനോടുള്ള വിരോധം ഒരു സായുധ സമരമായിത്തന്നെ പരിണമിച്ചിരിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഗവൺമെന്റ് പ്രധാനമായും റെയിൽവെയും ജലസേചന പദ്ധതികളും റോഡുകളും പണിയാൻ വേണ്ടിയുണ്ടാക്കിയതാണ് നിയമം. അന്ന് ഭൂമിയേറെയും ജമീന്താർമാരുടെ കൈയിലായിരുന്നു. ഏറ്റെടുക്കൽ തുച്ഛവും. ഗവൺമെന്റ് ആവശ്യങ്ങൾക്കായി ഉണ്ടാക്കിയ നിയമം ഇന്ന് സർക്കാറുകൾ സ്വകാര്യവ്യക്തികൾക്ക് വേണ്ടി ഉപയോഗിക്കുന്നത് താത്വികമായി തെറ്റാണ്. ആ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ടെന്ന് ഇന്ന് സർക്കാർ (പാർലമെന്റ്) മനസിലാക്കിയത് തലസ്ഥാനത്തിനടുത്ത് നോയ്ഡിയൽ അതൊരുകലാപമായി പരിണമിച്ചതും നോയ്ഡ ഭരണകക്ഷിക്ക് ഇഷ്ടമല്ലാത്ത ഒരു കക്ഷി ഭരിക്കുന്ന ഉത്തർപ്രദേശിലായതുകൊണ്ടുമാണ്. ഇതുതന്നെ ബിനായക് സെന്നിനെതിരെ ഛത്തിസ്ഗഡ് ഗവണ്മെന്റ് കേസിലും കാണാം. ദേശീയമല്ല, രാജ്യാന്തര ശ്രദ്ധതന്നെ ഈ കേസ് ആകർഷിച്ചിട്ടും സർക്കാർ അനങ്ങിയില്ല. അവസാനം അദ്ദേഹത്തിന്റെ ജാമ്യാപേക്ഷ സുപ്രീം കോടതിയിലെത്തുകയും കോടതി കർശനമായ നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തപ്പോഴാണ് രാജ്യദ്രോഹത്തിന്റെ വകുപ്പ് ഇന്ത്യൻ ശിക്ഷാനിയമത്തിൽ പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് കേന്ദ്രഗവണ്മെന്റ് കണ്ടെത്തിയത്.

ലോകത്തിലെ വ്യവസ്ഥാപിത ജനാധിപത്യങ്ങളിൽ പലതിലും ഗവണ്മെന്റിനും സിവിൽ സൊസൈറ്റിക്കും ഇടയിൽ ഒരു ബാലൻസ് കൈവന്നിട്ടുണ്ട്. സിവിൽ സൊസൈറ്റി നേരിടുന്ന പ്രശ്നങ്ങൾ ഇന്ത്യയിൽ ഏറെയാണെന്ന് നാം കണ്ടു. സിവിൽ സൊസൈറ്റിക്കകത്തു തന്നെയുണ്ട് പ്രശ്നങ്ങൾ. എങ്കിലും ഉറങ്ങിപ്പോകുകയും വ്യതിചലിച്ചുപോകുകയും ചെയ്യുന്ന ഗവണ്മെണ്ടുകളേയും പാർലമെന്റുകളേയും ഉണർത്തേണ്ട ചുമതല, എത്രയും വൈരുദ്ധ്യങ്ങൾ നിറഞ്ഞതായാലും, സിവിൽ സൊസൈറ്റിക്കുണ്ട്.